**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ; | (എ) | പട്ടികജാതിവിഭാഗത്തിൽപ്പെടുന്നവരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി 2. സ്പിൽ ഓവർ ഭവനങ്ങളുടെയും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെയും പൂർത്തീകരണവും പഠനമുറികളുടെ നിർമ്മാണവും. 3. പട്ടിക വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ. 4. ഭവന രഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ) 5. പട്ടികജാതി ഉപപദ്ധതികൾ ഉൾപ്പെട്ട് പ്രത്യേക പ്രോജക്ടുകൾക്കായുള്ള പൂൾഡ് ഫണ്ട്. 6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും. 7. പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവ് നികത്തൽ പദ്ധതി) 8. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ഓഹരി മൂലധന വിഹിതം. 9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം. 10. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്. 11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം 12. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം - പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണ പ്രവർത്തനങ്ങൾ 13. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം 14. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ കെട്ടിടങ്ങളുടെ മരാമത്ത് പ്രവർത്തികളും അറ്റകുറ്റപ്പണിയും 15. എം..ആർ.എസ്. നും ഹോസ്റ്റലുകൾക്കും കെട്ടിടം പണിയുന്നതിനായി ഭൂമി വാങ്ങുന്ന പദ്ധതി 16. ഡോ. അംബേദ്കർ ഗ്രാമ |

വികസന പദ്ധതി 17. ആരോഗ്യ സംരക്ഷണ പരിപാടി 18. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം 19. എല്ലാ ജില്ലകളിലും വർക്കിംഗ് വുമൺസ് ഹോസ്റ്റൽ. 100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ 1. പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.എസ്.എ. ടു എസ്.സി.എസ്.പി.) 2. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ. 3. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ 4. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബു ജഗജീവൻ റാം ഛത്രവാസ് യോജന 5. ഒമ്പതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്. 6. ശുചീകരണത്തിലും ആരോഗ്യ ശോഷണത്തിന് സാധ്യതയുള്ളതുമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്. 7. പ്രധാൻമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ) റ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ 1. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്ര വിഹിതം) 2. പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ 3. പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ) പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതി (40 ശതമാനം സംസ്ഥാന വിഹിതം) (ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു). 4. ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡിഎവൈ-എൻ.ആർ.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) (കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു) 5. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (എസ്.സി.എസ്.പി) (49 ശതമാനം കേന്ദ്ര വിഹിതം) എസ്.സി.എസ്.റ്റി. കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു. സംസ്ഥാനത്ത് പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. എ) വിദ്യാഭ്യാസം പ്രീമെട്രിക് /പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ഹോസ്റ്റലുകൾ/ എം.ആർ.എസ്സുകൾ, പ്രീ പ്രൈമറി വിദ്യാഭ്യാസം, ഗോത്രബന്ധു, സാമൂഹിക പഠനമുറി, ലാപ്ടോപ്പ്, കോളനികളിൽ ഇന്റർനെറ്റ് സൗകര്യം, വിദേശ പഠനത്തിനുള്ള ധനസഹായം, മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം, പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം. ബി) ആരോഗ്യ സംരക്ഷണ പദ്ധതികൾ സമഗ്ര ആരോഗ്യ

| | | | |
|---|---|---|---|
| | | | സുരക്ഷാ പദ്ധതി, ചികിത്സാ സഹായം, അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും, ആംബുലൻസ് സേവനം, ജനനി ജന്മരക്ഷാ പദ്ധതി, കൈതാങ്ങ് പദ്ധതി. സി) സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ വിവാഹ ധനസഹായ പദ്ധതി, ഭൂമി വിതരണവും ഭവന നിർമ്മാണവും, ഭവന നവീകരണ പദ്ധതി, ലൈഫ് മിഷൻ, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം, പി.കെ. കാളൻ കുടുംബ പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതികൾ, മില്ലെറ്റ് വില്ലേജ് പദ്ധതി, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം, തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി, തൊഴിലും നൈപുണ്യ പരിശീലനവും. |
| (ബി) | ഏറനാട് നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി - പട്ടികവർഗ കോളനി പ്രദേശങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ഏറനാട് നിയോജക മണ്ഡലത്തിലെ വിവിധ പട്ടികജാതി പട്ടികവർഗ കോളനി പ്രദേശങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ. 1. എടവണ്ണ ഗ്രാമപഞ്ചായത്തിലെ വെള്ളാമ്പുറം പട്ടികജാതി കോളനിയിൽ നടപ്പിലാക്കിയ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി, എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പദ്ധതികളും പൂർത്തീകരിച്ചു. 2. വിവിധ പഞ്ചായത്തുകളിലായി കോർപ്പസ് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം-I ആയി ചേർക്കുന്നു പട്ടികവർഗ്ഗ വികസന വകുപ്പ് ഏറനാട് നിയോജകമണ്ഡലത്തിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ ഇടിവണ്ണ, പാറേക്കാട് കുറുമ കോളനി, പാറേക്കാട് പണിയ കോളനികളിൽ അംബേദ്കർ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വിവിധ പദ്ധതികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തിയായി വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി -പട്ടികവർഗ കോളനികളുടെ വികസനത്തിനായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ? | (സി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധം-II ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പ് സാമ്പത്തിക വർഷം ഏറനാട് നിയോജകമണ്ഡലത്തിൽ പുതിയതായി അംബേദ്കർ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ചാലിയാർ ഗ്രാമപഞ്ചായത്തിലെ വാളാംതോട് കോളനിയും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈലാടി കോളനിയും തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -I

| ക്രമ നം | പദ്ധതിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| | **എടവണ്ണ ഗ്രാമപഞ്ചായത്ത്** | |
| 1 | കൊടിഞ്ഞാറ്റുപൊയിൽ ഭവന സുരക്ഷ | പൂർത്തീകരിച്ചു |
| 2 | കീർത്തിയിൽ റോഡ് കോൺക്രീറ്റ് | പൂർത്തീകരിച്ചു |
| 3 | പെരുകളം ഭവന സുരക്ഷ | പൂർത്തീകരിച്ചു |
| 4 | പെരുകളം കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു |
| 5 | പാണരുകുന്ന് ഭവന സുരക്ഷ | പൂർത്തീകരിച്ചു |
| 6 | കുരുന്നി ഭവന സുരക്ഷ | പൂർത്തീകരിച്ചു |
| 7 | കുരുന്നി കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു |
| 8 | ഏറ്റാംകോട് ഭവന സുരക്ഷ | പൂർത്തീകരിച്ചു |
| 9 | കിഴക്കേപുരയ്ക്കൽ കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു |
| 10 | ചെറിയപറമ്പ് റോഡ് നിർമ്മാണം | പൂർത്തീകരിച്ചു |
| 11 | മഞ്ചേരിക്കുത്ത് ഭവന സുരക്ഷ | പൂർത്തീകരിച്ചു |
| 12 | മഞ്ചേരിക്കുത്ത് റോഡ് കോൺക്രീറ്റ് | പൂർത്തീകരിച്ചു |
| 13 | കൊങ്ങൻപാറ ഭവന സുരക്ഷ | പൂർത്തീകരിച്ചു |
| 14 | കുറവരപൊയിൽ കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു |
| 15 | ഐഞ്ഞൂർ റോഡ് കോൺക്രീറ്റ് | പൂർത്തീകരിച്ചു |
| 16 | തുമ്പട്ടിച്ചാൽ റോഡ് നിർമ്മാണം | പൂർത്തീകരിച്ചു |
| | **കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്** | |
| 1 | ചേലേരിക്കുന്ന് കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു |
| | **ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്** | |
| 1 | ഭീമൻകുഴി എസ്.സി. കോളനി റോഡ് കോൺക്രീറ്റ്, സൈഡ് പ്രൊട്ടക്ഷൻ | പൂർത്തീകരിച്ചു |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

| ക്രമ നം | പദ്ധതിയുടെ പേര് | പഞ്ചായത്തിന്റെ പേര് |
|---|---|---|
| 1 | കുരുന്നി പട്ടികജാതി കോളനി റോഡ് നിർമ്മാണം | എടവണ്ണ |
| 2 | തുമ്പട്ടിച്ചാൽ പട്ടികജാതി കോളനി ഭവന സുരക്ഷ | |

സെക്ഷൻ ഓഫീസ